# KERALA STATE EX-SERVICEMEN DEVELOPMENT AND REHABILITATION CORPORATION

*(KEXCON - A Govt. of Kerala Undertaking)*

**CIN - U 91990 KL 2001 NPL 015107**
**GSTIN - 32AABTK2648H1ZT**

Tele : 0471 - 2320772
0471 - 2320771
0471 - 2332558
FAX : 0471 - 2320003
e-mail : kex_con@yahoo.co.in

TC 25 / 838,
Opp. Amritha Hotel, Thycaud
Thiruvananthapuram - 695 014

150 YEARS OF CELEBRATING THE MAHATMA

301/Fin-KEXCON/ 35/EPF

05.01.2021

സെക്യൂരിറ്റി ഗാർഡ് / സൂപ്പർവൈസർ
(കെക്സ്കോൺ മുഖേന വിന്യസിക്കപ്പെട്ടിട്ടുള്ളവർ മാത്രം)

**<u>വിഷയം : EPF പ്രൊഫൈൽ Update ചെയ്യുന്നത് സംബന്ധിച്ച്</u>**

ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള പ്രോവിഡന്റ് ഫണ്ട് ഓർഗനൈസേഷന്റെ അറിയിപ്പ് കാണുക. KEXCON മുഖേന വിന്യസിക്കപ്പെട്ടിട്ടുള്ള വിമുക്തഭടന്മാർ ഈ അറിയിപ്പ് വായിച്ചു മനസ്സിലാക്കി അവരവരുടെ EPF പ്രൊഫൈലിൽ ആവശ്യമെങ്കിൽ മാറ്റങ്ങൾ വരുത്തി EPF സംബന്ധമായി ഭാവിയിൽ താങ്കൾക്ക് ഉണ്ടായേക്കാവുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കണമെന്നു അഭ്യർത്ഥിച്ചുകൊള്ളുന്നു.

Harikumar.K
Deputy Secretary to Govt
Kerala State Ex-Servicemen
Development and Rehabilitation Corporation
Thycaud, Thiruvananthapuram-695014

## പ്രോവിഡന്റ് ഫണ്ട് ഓർഗനൈസേഷനിൽ നിന്നും ലഭിച്ച അറിയിപ്പ്

നിലവിൽ പ്രോവിഡന്റ് ഫണ്ട് ഓർഗനൈസേഷന്റെ എല്ലാ ഇടപാടുകളും ഓൺലൈൻ ആയാണ് നടത്തിവരുന്നത് . പ്രോവിഡന്റ് ഫണ്ട്സ് ഓർഗനൈസേഷന്റെ അറിയിപ്പ് പ്രകാരം കെക്സ്കോൺ മുഖേന നിലവിൽ വിന്യസിക്കപ്പെട്ടിട്ടുള്ള സെക്യൂരിറ്റി ഗാർഡുകളുടെയും മറ്റു അനുബന്ധ ജീവനക്കാരുടെയും പ്രൊഫൈലിൽ ചുവടെ പറയുന്ന കാര്യങ്ങൾ ഉറപ്പുവരുത്തേണ്ടതാണ്

1. എല്ലാ ജീവനക്കാരും തങ്ങളുടെ EPF പ്രൊഫൈലിൽ ആധാർ കാർഡ് ലിങ്ക് ചെയ്തിട്ടുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതാണ്. ഒരു പക്ഷെ ലിങ്ക് ചെയ്തിട്ടില്ല എങ്കിൽ എത്രയും പെട്ടെന്ന് അത് ചെയ്യേണ്ടതാണ്. ആധാർ കാർഡ് ലിങ്ക് ചെയ്യുമ്പോൾ ഇക്കാര്യങ്ങൾ ശ്രദ്ധിക്കണം :-

(a). ഒരു പക്ഷെ പ്രൊഫൈലിൽ ഉള്ള താങ്കളുടെ പേരും ആധാർ കാർഡിലെ പേരും തമ്മിൽ വ്യത്യാസമുണ്ടെങ്കിൽ ആദ്യം EPF പ്രൊഫൈലിൽ basic detail Change എന്ന ഓപ്ഷനിലൂടെ അത് ആധാർ കാർഡിലുള്ളതുപോലെ തിരുത്തിയശേഷം മാത്രം ആധാർ ലിങ്ക് ചെയ്യുക. അഥവാ നേരെ മറിച്ചാണെങ്കിൽ ആധാർ കാർഡിൽ മാറ്റം വരുത്തിയ ശേഷം മാത്രം ലിങ്ക് ചെയ്യുക.

(b) ആധാർ കാർഡിൽ പലരുടെയും ജനന തീയതിയുടെ സ്ഥാനത്തു വർഷം മാത്രമേ കാണുകയുള്ളൂ. അത്തരത്തിലുള്ള ആധാർ EPF പ്രൊഫൈലുമായി ലിങ്ക് ആവുകയില്ല ആയതിനാൽ ലിങ്ക് ചെയ്യുന്നതിന് മുൻപ് വർഷത്തിന്റെ സ്ഥാനത്തു തീയതിയും മാസവും അടക്കമുള്ള മുഴുവൻ വിവരങ്ങളും ഉൾപ്പെട്ട ആധാർ കരസ്ഥമാക്കുകയും അതിനുശേഷം മാത്രം ലിങ്ക് ചെയ്യേണ്ടതുമാകുന്നു.

വരും സമയങ്ങളിൽ ആധാർ നമ്പർ ലിങ്ക് ചെയ്യാത്ത EPF അക്കൗണ്ടുകൾ മരവിപ്പിക്കുമെന്നും, EPF Contribution ഒടുക്കാൻ പറ്റാതെവരുമെന്നുമാണ് EPF അധികൃതർ അറിയിച്ചിട്ടുള്ളത്.

2. മിക്കവരുടെയും EPF പ്രൊഫൈലിൽ നിലവിൽ SBI യുമായി ലയിപ്പിച്ചിട്ടുള്ള സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകോറിൻറെ ബ്രാഞ്ചുകളുടെ IFSC കോഡ്, വിലാസം എന്നിവയാണ് റെക്കോർഡ് ചെയ്യപ്പെട്ടിട്ടുള്ളത്. ആയതിനാൽ അവർ ഓൺലൈൻ ക്ലെയിമുകൾ, പെൻഷൻ എന്നിവക്ക് അപേക്ഷിക്കുമ്പോൾ അവയെല്ലാം നിരസിക്കപ്പെടുകയാണുള്ളത്. അത് ഒഴിവാക്കുവാനായി മുൻപ് SBT അക്കൗണ്ട് ഡീറ്റെയിൽസ് EPF അക്കൗണ്ട് തുറക്കുവാൻ നല്കിയിട്ടുള്ളവർ ആയതു മാറ്റി SBI യുടെ വിവരങ്ങൾ ഉള്ളടക്കം ചെയ്യേണ്ടതാണ്.

കെക്സ്കോൺ വഴി നിയമിതരായിട്ടുള്ള എല്ലാ വിമുക്തഭടന്മാരും മുകളിൽ പരാമർശിച്ച വിവരങ്ങൾ പരിശോധിക്കുകയും , ആയതു തിരുത്തൽ വരുത്തേണ്ടതുണ്ടെങ്കിൽ ഓൺലൈൻ ആയി സ്വന്തമായോ അതുമല്ലെങ്കിൽ ഏതെങ്കിലും കമ്പ്യൂട്ടർ സെന്റർ / അക്ഷയ കേന്ദ്രങ്ങൾ സന്ദർശിച്ചും എത്രയും പെട്ടെന്ന് നടത്തി അതിലൂടെ അക്കൗണ്ട് മരവിപ്പിക്കൽ, ഓൺലൈൻ ക്ലെയിം, പെൻഷൻ ക്ലെയിം എന്നിവയിൽ നേരിടുന്ന കാലതാമസവും മറ്റു ബുദ്ധിമുട്ടുകളും ഒഴിവാക്കണമെന്നു അറിയിച്ചുകൊള്ളുന്നു.

Harikumar.K
Deputy Secretary to Govt
Kerala State Ex-Servicemen
Development and Rehabilitation Corporation
Thycaud, Thiruvananthapuram-695